# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 2116

19.06.2012-ൽ മറുപടിക്ക്.

### വ്യവസായ രംഗത്ത് കേന്ദ്ര നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ.പി.റ്റി.എ. റഹീം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യവസായരംഗത്ത് കേന്ദ്രനിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) കേന്ദ്ര പൊതുമേഖലസ്ഥാപനങ്ങളുമായി ചേർന്ന് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സിയും കെ.ഐ.ഒ.സി.എൽ ലിമിറ്റഡും ചേർന്ന് കോഴിക്കോട് / കാസറഗോഡ് ജില്ലയിൽ ഇരുമ്പ് അയിര് ഖനനം ചെയ്യുന്നതിനും, ഉരുക്കു നിർമ്മാണശാല സ്ഥാപിക്കുന്നതിനും വേണ്ടി 2011 സെപ്റ്റംബർ മാസത്തിൽ ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ തുടർ സാദ്ധ്യതകൾ പഠിച്ചുവരികയാണ്. |
| (ബി) ജനസംഖ്യാനുപാതികമായി അർഹമായ കേന്ദ്രനിക്ഷേപം ലഭിക്കാതിരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വന്നിട്ടുണ്ടോ; | (ബി) ജനസംഖ്യാനുപാതികമായി അർഹമായ കേന്ദ്ര നിക്ഷേപം ലഭിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) കേന്ദ്ര നിക്ഷേപം വർദ്ധിപ്പിച്ച് കിട്ടുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ ഇതിനകം നടത്തിയ ശ്രമങ്ങളും, മുന്നോട്ടുവച്ച പദ്ധതികളും സംബന്ധിച്ച് വിശദമാക്കാമോ; ഇല്ലെങ്കിൽ അതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) കൊച്ചി- പാലക്കാട് NIMZ പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസായ പാർക്കുകൾക്ക് പുറമേയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കൊച്ചിയിലെ PCPIR (പെട്രോളിയം കെമിക്കൽ ആന്റ് പെട്രോകെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ) പദ്ധതിയിലേയ്ക്കും പുറമേയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളും |

കേന്ദ്ര സർക്കാരിന്റെ പരിഗണനയക്ക് സമർപ്പിച്ചിരിക്കുകയാണ്. ഇതുകൂടാതെ ഭാരത് പെട്രോളിയം കോർപ്പറേഷന്റെ കൊച്ചിയിലെ റിഫൈനറിയുടെ ശേഷി വികസിപ്പിക്കുന്നതിനുള്ള 18,000/- കോടിരൂപയുടെ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ നിക്ഷേപം കൂടുതൽ ആകർഷിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം നടപ്പിലാക്കിയ ദേശീയ ഫുഡ് മിഷന്റെ ചുവടുപിടിച്ച് സംസ്ഥാനത്ത് ഏപ്രിൽ 2012 ൽ സംസ്ഥാന ഫുഡ് മിഷൻ നിലവിൽ വന്നിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്ന നോഡൽ ഏജൻസി കിൻഫ്രയാണ്. പ്രസ്തുത മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നിരവധി സ്കീമുകൾ ദേശീയ ഫുഡ് മിഷൻ വിഭാവനം ചെയ്യുന്നുണ്ട്. ഇതുവഴി ഈ മേഖലയിൽ കേരളത്തിൽ കൂടുതൽ വ്യവസായ സംരംഭകർക്ക് ഗ്രാന്റ് ഉൾപ്പെടെയുള്ള നിരവധി പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നു.

കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ Assistance to States for Infrastructure Development for Exports (ASIDE) സ്കീം നടപ്പിലാക്കുന്ന സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് കിൻഫ്ര. കയറ്റുമതി മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുവഴി നാളിതുവരെ 109.89 കോടി രൂപ വിവിധ ഏജൻസികൾക്ക് അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. 2011-12 കാലയളവിൽ 12.15 കോടി രൂപ വിവിധ ഏജൻസികൾക്ക് അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**